**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 310 07.08.2017– ൽ മറുപടിയ്ക്ക്

**സ്നേഹപൂർവ്വം പദ്ധതി**

**ചോദ്യം** **മറുപടി**

**ശ്രീ.എ.എം.ആരിഫ്.**

**ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മാതാപിതാക്കളിൽ ആരെങ്കിലും മരിച്ചുപോയാൽ അവരുടെ മക്കൾക്ക് പഠിക്കുവാൻ പ്രതിമാസം ധനസഹായം നൽകുന്ന 'സ്നേഹപൂർവ്വം' പദ്ധതി എന്നാണ് ആരംഭിച്ചത്; | (എ) | 2012 നവംബറിൽ സ്നേഹപൂർവ്വം പദ്ധതി ആരംഭിച്ചു. |
| (ബി) | അരൂർ മണ്ഡലത്തിലെ എത്ര വീതം വിദ്യാർത്ഥികൾക്ക് ഏതെല്ലാം വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം സഹായം നൽകി; | (ബി) | 2012-13, 2013-14 വർഷങ്ങളിൽ അപേക്ഷകൾ നേരിട്ടാണ് സ്വീകരിച്ചിരുന്നത്. പ്രസ്തുത വർഷങ്ങളിൽ മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല.<br>അരൂർ മണ്ഡലത്തിൽ ഉൾപ്പെട്ട 630 വിദ്യാർത്ഥികൾക്ക് 2014-15 അദ്ധ്യയന വർഷത്തിലും, 464 വിദ്യാർത്ഥികൾക്ക് 2015-16 അദ്ധ്യയന വർഷത്തിലും, 325 വിദ്യാർത്ഥികൾക്ക് 2016-17 അദ്ധ്യയന വർഷത്തിലും സ്നേഹപൂർവ്വം പദ്ധതി പ്രകാരം ധനസഹായം നൽകി. |
| (സി) | എത്ര വർഷമായി ഈ പദ്ധതി പ്രകാരമുള്ള തുക നൽകാതെ മുടങ്ങിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ; | (സി) | ഈ പദ്ധതി പ്രകാരം തുക നൽകുന്നത് മുടങ്ങിയിട്ടില്ല. സ്ഥാപന മേധാവികൾ മുഖേന ഓൺലൈൻ ആയി അപേക്ഷ നൽകി പ്രിന്റ്ഔട്ട് സമർപ്പിച്ച് അംഗീകരിച്ച |

| | | | |
|---|---|---|---|
| | | | എല്ലാപേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതി പ്രകാരമുള്ള തുക മുടങ്ങാനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഓൺലൈൻ പ്രിന്റ്ഔട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് അംഗീകരിച്ച് വിദ്യാർത്ഥികളുടെയും മാതാവിന്റെയോ പിതാവിന്റെയോ ജോയിന്റ് അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്തു നൽകി വരുന്നു. പ്രിന്റ്ഔട്ട് ലഭിക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല. |
| (ഇ) | ഈ പദ്ധതി പ്രകാരമുള്ള തുക മുടക്കം കൂടാതെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | തുക മുടക്കം കൂടാതെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഓൺലൈൻ പ്രിന്റ്ഔട്ട് ലഭ്യമാക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് പ്രസ്തുത പ്രിന്റ്ഔട്ട് അടിയന്തരമായി സമർപ്പിക്കുന്നതിന് ഇ-മെയിൽ സന്ദേശം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ.**